**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/05/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 26-03-2025**

| | | |
|---|---|---|
| <u>പരാതിക്കാരൻ</u> | : | ശ്രീ. രതീഷ്.എൻ<br>ടി.സി. 56/1509-3 രോഹിണി,<br>തോട്ടിൻകര, മധൂപാലം, കരുമം പി.ഒ,<br>തിരുവനന്തപുരം - 695002 |
| <u>എതിർകക്ഷി</u> | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ്<br>ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി<br>ബോർഡ് ലിമിറ്റഡ്, പൂജപ്പുര,<br>തിരുവനന്തപുരം ജില്ല. |

## <u>ഉത്തരവ്</u>

## <u>പരാതിയുടെ പശ്ചാത്തലം</u>

പരാതിക്കാരനായ ശ്രീ. രതീഷ് കരമന ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ വരുന്ന നേമം വില്ലേജിൽ കരുമം എന്ന സ്ഥലത്തെ താമസക്കാരനാണ്. കരമന സെക്ഷനിലെ ഏതാനും ഉദ്യോഗസ്ഥർ സ്വകാര്യ വാസ്തുവിൽക്കൂടി അനുവാദം കൂടാതെ വൈദ്യുത ലൈൻ വലിച്ച് മറ്റൊരു വ്യക്തിയ്ക്ക് കണക്ഷൻ നൽകി എന്നതാണ് പരാതിയ്ക്കടിസ്ഥാനം. ലൈസൻസി പരാതിക്കാരന്റെ വീടിനു മുൻപിലുള്ള ഒരു മീറ്റർ വീതിയിലുള്ള വഴിയുടെ മുകളിലൂടെ ലൈൻ വലിച്ച് ശ്രീ.മനോജ് എന്ന വ്യക്തിയ്ക്ക് 24/06/2024 ൽ കണക്ഷൻ നൽകുകയുണ്ടായി. പരാതിക്കാരന്റെ വീട്ടിൽ നിന്നും വേണ്ടത്ര ദൂര പരിധി പാലിച്ചു കൊണ്ടാണ് ഈ കണക്ഷൻ നൽകിയിരിക്കുന്നത് എന്ന് ലൈസൻസി സ്ഥാപിക്കുന്നു. പ്രസ്തുത ലൈൻ വലിച്ചിരിക്കുന്ന വഴി

പൊതുവഴിയല്ല, അത് ശ്രീമതി. അനിത എന്ന വ്യക്തിയുടെ പേരിലുള്ള പുരയിടത്തിലെ സ്വകാര്യ വഴിയാണ്. വസ്തു ഉടമ നൽകിയ പരാതിയിൽ ഉപഭോക്താവിന്റെ ചെലവിൽ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണെന്ന ഉത്തരവ് നിലനിൽക്കുന്നു. അതിനുള്ള അപ്പീൽ **Dy.CE** യുടെ തീരുമാനത്തിന് സമർപ്പിച്ചിരിക്കുകയാണ്. വീട്ടിൽ നിന്ന് നിയമാനുസൃത അകലം പാലിച്ചിട്ടില്ലാത്തതിനാൽ അപകട സാധ്യത കണക്കാക്കി ലൈൻ മാറ്റി സ്ഥാപിക്കണം എന്ന പരാതിയുമായി **CGRF** നെ സമീപിക്കുകയും അതിന്റെ ഉത്തരവ് **CGRF 08/01/2025** ൽ ഇറക്കുകയും ചെയ്തു. അതിന്റെ അപ്പീൽ പരാതിയായിട്ടാണ് ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ നേമം വില്ലേജിന്റെ പരിധിയിൽ വരുന്ന മധുപാലം തോട്ടിൻകരയിൽ, വാർഡ് **56** ൽ രോഹിണിയിൽ ബേബി മകൻ രതീഷ്.എൻ എന്ന എന്റെ വീടിനു സമീപത്തിലൂടെ എന്റെയും നാട്ടുകാരുടെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട്, **28-06-2024** ൽ **KSEB** കരമന ഓഫീസിലെ ഉദ്യോഗസ്ഥർ ഒരു വ്യക്തിയുടെ സ്വകാര്യ വസ്തുവിൽ ആ വ്യക്തിയുടെ അനുവാദം കൂടാതെ അന്യായമായി അതിക്രമിച്ചു കയറി ശ്രീ. മനോജ് എന്ന വ്യക്തിക്ക് വേണ്ടി **KSEB** യുടെ വൈദുതി ലൈൻ സ്ഥാപിച്ചു. ശ്രീ. മനോജിന്റെ കൈവശം **9** ആർ **28** സ്ക്വയർ മീറ്റർ ( **22** സെന്റ്) വൈദുതി ലൈൻ ഒരു വ്യക്തിയുടെ സ്വകാര്യ പോകുന്ന റോഡ് മുൻവശം ഉള്ള വസ്തു സ്വന്തമായി ഉണ്ട് എന്ന് തെളിയിച്ചിട്ടും എന്റെ അപേക്ഷ നിരസിച്ചു കൊണ്ട് **KSEB** ഉദ്യോഗസ്ഥർ ഒരു വ്യക്തിയുടെ സ്വകാര്യ വസ്തുവിലൂടെയും എന്റെ വീടിനു സമീപത്തിലൂടെയും ശ്രീ. മനോജിന് വേണ്ടി വൈദുതി - ലൈൻ കമ്പി സ്ഥാപിച്ചു മടങ്ങി. തുടർന്ന് ഞാൻ നിരവധി പരാതി നൽകിയതിനെ തുടർന്ന് - **KSEB** കരമന ഓഫീസിലെ സബ് എൻജിനീയർ ആയ ശ്രീ. അജിത് കുമാർ എന്ന ഉദ്യോഗസ്ഥൻ ഈ പരാതിയുടെ അന്വേഷണത്തിനായി വരുകയും പരാതിക്കാരൻ ആയ എന്റെ സാനിധ്യത്തിൽ എന്റെ വീടും വൈദ്യുതി കമ്പിയുമായുള്ള അകലം പരിശോധിച്ചു അളവ് എടുക്കുകയും ചെയ്തു എന്റെ വീടും വൈദുതി കമ്പിയുമായുള്ള അകലം അന്വേഷണ ഉദ്യോഗസ്ഥൻ വെള്ള പേപ്പറിൽ രേഖപ്പെടുത്തി സ്വന്തം കൈപ്പടയാൽ ഒപ്പിട്ടു എനിക്ക് ഒരു പകർപ്പ് തരുകയുണ്ടായി. രേഖപ്പെടുത്തിയ അളവ് വീടിന്റെ ഒരുവശത്തെ ടെറസിന്റെ തിരശ്ചീനമായ അകലം **1.43** മീറ്ററും വീടിന്റെ മറുവശത്തെ സൺഷെഡ്ൽ നിന്നുമുള്ള തിരശ്ചീനമായ അകലം **60**

സെന്റി മീറ്ററും മാത്രമാണ്. ഈ വിവരം അന്വേഷണ ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനെ അറിയിക്കാമെന്നും ലൈൻ മാറ്റി ശ്രീ മനോജ് എന്ന വ്യക്തിയുടെ സ്വന്തം പേരിലുള്ള **22** സെന്റ് വസ്തുവിലൂടെ വൈദ്യുതി ലൈൻ സ്ഥാപിക്കാം എന്ന് എന്നെ അറിയിച്ചു മടങ്ങിപ്പോയി. തുടർന്ന് **13-09-2024** ൽ രാവിലെ **11** മണിക്ക് പൂജപ്പുര സബ് ഡിവിഷനിൽ **A.E** യുടെ സാന്നിദ്ധ്യത്തിൽ ഈ കേസ് വാദത്തിൽ വെക്കുകയും ഈ കേസിൽ ഉൾപ്പെട്ട **5** ൽ **4** കക്ഷികളും വാദത്തിൽ പങ്കെടുക്കുകയും ചെയ്തു. അനുമതി പത്രം നൽകിയ ശ്രീ.വിനോദ് എന്ന വ്യക്തി തുടക്കം മുതൽ ഈ കേസിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്. അതുപോലെ അനുമതി പത്രം നൽകിയ ശ്രീമതി രേണുകക്കു ഈ വസ്തുവുമായോ ഈ വൈദുതി ലൈനുമായോ യാതൊരു ബന്ധവും ഇല്ലാ. അനുമതി പത്രം നൽകാൻ ആവശ്യമായ ചട്ടമനുസരിച്ചുള്ള യാതൊരുവിധ രേഖയും ശ്രീമതി.രേണുകയുടെ കൈവശം ഉള്ളതായിട്ടും കേസിന്റെ വാദത്തിൽ സമർപ്പിച്ചതായിട്ടും കാണാൻ സാധിച്ചില്ല. അനുമതി പത്രം നൽകിയ വ്യക്തികൾ അവകാശപ്പെടുന്നത് പോലെ ഒരു വഴി ഈ പുരയിടത്തിൽ ഇല്ലാ എന്നും ശ്രീ.വിനോദിന്റെ വീട്ടിൽ പ്രവേശിക്കാൻ വേണ്ടി മാത്രം ശ്രീ.വിനോദിന്റെ വീടിന്റെ ഗേറ്റിൽ അവസാനിക്കുന്ന വഴി മാത്രമാണ് ഉള്ളത് എന്നും ബാക്കി പുരയിടത്തിൽ വഴി ഇല്ലാ എന്നും വാദത്തിൽ തെളിഞ്ഞു. അതുപോലെ നിയമ പ്രകാരമുള്ള അകലം ഈ വൈദുതി ലൈനും എന്റെ വീടുമായിട്ടും ഇല്ലാ എന്നും, സൺഷെഡ്ൽ നിന്നുമുള്ള തിരശ്ചീനമായ അകലം **60** സെന്റി മീറ്ററും, ലംബമായ അകലം ഏകദേശം **1.5 mtr** മാത്രമാണ് എന്ന് ഞാൻ തെളിവുകൾ ഹാജരാക്കി ഈ വാദത്തിൽ തെളിയിച്ചു. തുടർന്ന് വന്ന ഓർഡറിൽ സൺഷെഡ്ൽ നിന്നുമുള്ള തിരശ്ചീനമായ അകലം **60** സെന്റി, ലംബമായ അകലം ഏകദേശം **1.5 mtr** ഉള്ള വിവരം മറച്ചുവെച്ചുകൊണ്ട് ഓർഡർ വരുകയുണ്ടായി. തുടർന്ന് **13-10-2024** ൽ ഞാൻ **CGRF** കൊട്ടാരക്കര ഓഫീസിൽ പരാതി നൽകുകയുണ്ടായി തുടർന്ന് **20-12-2024** ൽ ഈ കേസ് **CGRF** കൊട്ടാരക്കര ഓഫീസിൽ വാദത്തിനു വെക്കുകയും പരാതിക്കാരൻ ആയ ഞാൻ ഹാജരാവുകയും എതിർ കക്ഷികൾ ആയ പൂജപ്പുര **AE** യും കരമന **AE** യും ഹാജരാവാതെ പകരക്കാരൻ ആയി ഒരു നോഡൽ ഓഫീസറെ അയക്കുകയും ചെയ്തു. വാദത്തിൽ എന്റെ പക്കൽ ഉള്ള എല്ലാ തെളിവുകളും ചിത്രങ്ങളും മറ്റു രേഖകളും, **KSEB** ലൈൻ നു എതിരെ എതിർപ്പ് അറിയിച്ചുകൊണ്ടുള്ള വസ്തു ഉടമയായ ശ്രീമതി.അനിതയുടെ കത്തും ഞാൻ **CGRF** അംഗങ്ങളുടെ മുന്നിൽ സമർപ്പിച്ചു. വസ്തുതകൾ പരിശോധിച്ച **CGRF** അംഗങ്ങളുടെ ചോദ്യങ്ങൾക്കു മറുപടി ഇല്ലാതെ വന്ന **KSEB** നോഡൽ ഓഫീസർ നിശ്ചലനായി ഇരിക്കുകയും ശേഷം നോഡൽ ഓഫീസറുടെ പക്കലുള്ള പൂജപ്പുര **AE** യുടെ ഒരു ഓർഡർ **CGRF**

അംഗങ്ങൾക്ക് സമർപ്പിക്കുകയും, CGRF ചെയർപേഴ്സൺ ഉറക്കെ വായിക്കുകയും ശേഷം ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഓർഡറിൽ പരാമർശിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഉൾപ്പെട്ട വൈദുതി ലൈനിന്റെ നിലവിലെ സ്ഥാനത്തു നിന്ന് മാറ്റി പുതിയ കൺസ്യൂമർ ആയ ശ്രീ മനോജ് ന്റെ കൈവശമുള്ള വസ്തുവിലൂടെ സ്ഥാപിക്കാൻ വേണ്ടി കരമന AE ക്കു നൽകിയ നിർദ്ദേശം ആയിരുന്നു. അതിനു വേണ്ടി ബഹുമാനപെട്ട CGRF ചെയർപേഴ്സൺ 2 ആഴ്ച സമയം കരമന AE യ്ക്ക് അനുവദിക്കുകയും ഉണ്ടായി. 2 ആഴ്ചക്കു ശേഷം ഓർഡർ നൽകാം എന്ന് എന്നെ അറിയിക്കുകയും ചെയ്തു. 2 ആഴ്ച ആയിട്ടും വൈദ്യുതി ലൈനിന്റെ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാദത്തിൽ നടന്നതിൽ നിന്നും വ്യത്യസ്തമായ ഓർഡർ CGRF ൽ നിന്നും ലഭിക്കുകയുണ്ടായി ആയതിനാൽ ബഹുമാനപെട്ട കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഈ വിഷയം ഫയലിൽ സ്വീകരിച്ചു എനിക്കും എന്റെ കുടുംബത്തിന്റെയു◌ു◌ം ജീവനും സ്വത്തിനും അപായകരമായി നില നിൽക്കുന്ന വൈദുതി ലൈൻ മാറ്റി, പുതിയ കൺസ്യൂമർ ആയ, സ്വന്തമായി റോഡ് മുൻവശം 22സെന്റ് വസ്തുവുള്ള ശ്രീ.മനോജിന്റെ വസ്തുവിലൂടെ വൈദ്യുതി നൽകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

കരമന സെക്ഷനിലെ ഏതാനും ഉദ്യോഗസ്ഥർ സ്വകാര്യവസ്തുവിൽ കൂടി ഉടമയുടെ അനുവാദം കൂടാതെ അദ്ദേഹത്തിന്റെ വീടിന്റെ സമീപത്തുള്ള സ്വകാര്യവസ്തുവിൽ കൂടി ടി ലൈൻ വലിച്ചു ശ്രീ.മനോജ് എന്ന വ്യക്തിക്ക് വൈദ്യുത കണക്ഷൻ നൽകി എന്നതാണ് പരാതി. കെ എസ് ഇ ബി ലിമിറ്റഡിന്റെ കരമന സെക്ഷന്റെ പരിധിയിൽ വരുന്ന പുഞ്ചക്കരി മധുപാലം ബണ്ട് റോഡിൽ KM 173 എന്ന പോസ്റ്റിൽ നിന്ന് 40 മീറ്റർ സിംഗിൾ ഫേസ് ശിരോപരി ലൈൻ അജി ഓവർസിയറുടെ മേൽ നോട്ടത്തിൽ വലിച്ച് കൺസ്യൂമർ നമ്പർ 32469 മനോജ് എന്ന വ്യക്തിക്ക് വൈദ്യുത കണക്ഷൻ 24/06/2024 ആം തിയതി നല്കിയിട്ടുള്ളതാകുന്നു. പ്രസ്തുത ലൈൻ ഏകദേശം ഒരു മീറ്റർ വീതിയിൽ ഇന്റർലോക്ക് പാകിയ വഴി ശ്രീ.വിനോദ് നവീനം, TC 64/1509(1), തോട്ടിൻകര, മധുപാലം, കരുമം പി ഒ, രേണുക TC 64/1570 , തോട്ടിൻകര, മധുപാലം, കരുമം പി ഒ എന്നിവർക്ക് അവകാശപ്പെട്ടതാണ് എന്ന് കെ.എസ്.ഇ.ബിയെ ബോധ്യപ്പെടുത്തി അനുമതി പത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആണ് ശ്രീ.മനോജിന് വൈദ്യുത കണക്ഷൻ നൽകിയത്.

പരാതിക്കാരനായ ശ്രീ.രതീഷ് കെ.എസ്.ഇ.ബി ഡയറക്ടർ ഡിസ്ട്രിബ്യൂഷൻ ആൻഡ് സേഫ്റ്റി യ്ക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പൂജപ്പുരയ്ക്കും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 25/08/2024 ൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പൂജപ്പുരയിൽ ഒരു ഹിയറിങ് നടത്തുകയും ഹിയറിങ്ങിൽ പരാതിക്കാരൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കരമന ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിച്ച് ടിയാന്റെ പരാതി പരിഹരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പൂജപ്പുര നിർദ്ദേശം നൽകുകയും ചെയ്തു. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കരമന 29/08/2024 ൽ ശ്രീ രതീഷിനെ മുൻകൂട്ടി അറിയിച്ച് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രകൃതിക്ഷോഭം മൂലം മരക്കൊമ്പ് ഒടിഞ്ഞു ലൈനിൽ വീണ് ചരിഞ്ഞ പോസ്റ്റ് നിവർത്തി. പരാതിക്കാരന്റെ വീടും ലൈനും തമ്മിലുള്ള അകലം 1.45 മീറ്റർ ആണ് എന്ന് ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. കരമന അസിസ്റ്റന്റ് എഞ്ചിനീയർ ഡിബി/എഇ കെഎംൻഎ/49/9.10.2024 ഹാജരാക്കിയ കത്ത് പരാതിക്കാരന്റെ വീടും ലൈനും തമ്മിലുള്ള അകലം സംബന്ധിച്ച സ്കെച്ച് പരാതിക്കാരന്റെ വീട്ടിന്റെ ഏണി ചാരി നിറുത്തി ലൈനും വീടും തമ്മിലുള്ള അകലം പരാതിക്കാരനെ ബോധ്യപ്പെടുത്തിയതിന്റെ ഫോട്ടോ എന്നിവ സംസ്ഥാന ഇലക്ട്രിസിറ്റി ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ എറണാകുളത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

31.12.2024 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പൂജപ്പുര പരാതിക്കാരന്റെ സാന്നിദ്ധ്യത്തിൽ വീടും ലൈനും തമ്മിലുള്ള അകലം അളന്ന് തിട്ടപ്പെടുത്തിയതിൽ ലൈനും വീടും തമ്മിലുള്ള തിരശ്ചീന അകലം 1.5 മീറ്ററും ലൈനും ഭൂമിയും തമ്മിലുള്ള അകലും 4.17 മീറ്ററും ആണ്. വീടിന്റെ സൺഷെഡിൽ നിന്നും 1.2 മീറ്റർ മാറി 1.49 മീറ്റർ ലംബ അകലത്തിൽ വഴിയിൽ കൂടി ആണ് പ്രസ്തുത ലൈൻ കടന്നു പോകുന്നത് അത് പരാതിക്കാരനും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിയമ പ്രകാരം ലൈനും വീടുമായി തിരശ്ചീന് അകലം 1.2 മീറ്ററും ലൈനും ഗ്രൗണ്ടും തമ്മിൽ 3.7 മീറ്ററും ആണ് ലൈൻ വലിച്ചത് നിയമപ്രകാരമുള്ള അകലം പാലിച്ചാണ്. ആയതിനാൽ അപകടകരമായ രീതിയിൽ ലൈൻ വലിച്ചിരിക്കുന്നത് എന്നത് തികച്ചും വസ്തുത വിരുദ്ധമാണ്. കൺസ്യൂമറിന് ലൈൻ വലിക്കുന്നതിന് വേറെ വഴി ഉണ്ടെങ്കിലും ഏറ്റവും കുറഞ്ഞ ദൂരത്തിൽ ആണ് വൈദ്യുത കണക്ഷൻ നൽകിയിരിക്കുന്നത്. കണക്ഷൻ നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. അനിത ജെ. റ്റി സി 22/394(2), ശ്രീശങ്കരം കൊഞ്ചിറവിള, മണക്കാട് പി ഒ യുടെ ഒരു പരാതി നിലവിലുണ്ട്. അതിൻ

മേൽ ഹിയറിങ് നടത്തി ഒരു ഉത്തരവ് പ്രസ്തുത ലൈൻ ഉപഭോക്താവിന്റെ സ്വന്തം ചിലവിൽ ലൈൻ മാറ്റി വലിക്കാൻ കരമന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.അതിന് മേൽ കൺസ്യൂമർ ബഹുമാനപ്പെട്ട ഡിസ്ട്രിബൂഷൻ സൗത്ത് ചീഫ് എഞ്ചിനീയർക്ക് അപ്പീൽ നൽകിയിരിക്കുകയാണ്. അനുമതി കൂടാതെ സ്വകാര്യ വസ്തുവിൽക്കൂടി അപായകരമായ രീതിയിൽ ലൈൻ വലിച്ചിരിക്കുന്നു എന്നത് തികച്ചും വാസ്തവ വിരുദ്ധം ആണ്. നിയമപരമായി കെട്ടിടവും ലൈനും തമ്മിൽ പാലിക്കേണ്ട തിരശ്ചീന അകലം 1.2 മീറ്റർ ആണ്. എന്നാൽ പരാതിക്കാരന്റെ വീടും ലൈനും തമ്മിലുള്ള അകലം 1.45 മീറ്റർ ആണ്. പ്രസ്തുത ലൈൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെ കൊണ്ട് പരിശോധിപ്പിച്ചാൽ നിജസ്ഥിതി മനസ്സിലാക്കാവുന്നതാണ്. അപ്രകാരം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ സമീപിക്കാൻ ബഹുമാനപ്പെട്ട ദക്ഷിണമേഖല ഉപഭോക്തൃ പ്രശ്ന പരിഹാര ഫോറം , കൊട്ടാരക്കര **OP NO: 59/2024dt.30/12/2024** നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു. പരാതിയിൽ പറഞ്ഞിരിക്കുന്ന ലൈൻ വലിച്ച സ്ഥലവുമായി ബന്ധപ്പെട്ട പരാതി പരാതിക്കാരനുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് സവിനയം അറിയിച്ചുകൊള്ളുന്നു. മേൽ വിവരിച്ചതിൽ നിന്നും നിയമപ്രകാരം അപകടരഹിതമായിട്ടാണ് ലൈൻ വലിച്ചിട്ടുള്ളതെന്ന അടിസ്ഥാനത്തിൽ മേൽ റിപ്പോർട്ടുകളുടെയും യഥാർത്ഥ വസ്തുതകളുടെയും ബഹുമാനപ്പെട്ട ദക്ഷിണമേഖല ഉപഭോക്തൃ പ്രശ്ന പരിഹാര ഫോറത്തിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരാതി നിരസിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, എറണാകുളം മുൻപാകെ അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

**14/01/2025** ൽ രതീഷ്.എൻ എന്ന ഞാൻ, ബഹുമാനപ്പെട്ട **KSEB** ഓംബുഡ്സ്മാനു നൽകിയ പരാതിയിന്മേൽ, **KSEB** പൂജപ്പുര ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച വിവരണത്തിൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ പുഞ്ചക്കരി മധുപാലം ബണ്ട് റോഡിൽ **KM173** എന്ന പോസ്റ്റിൽ നിന്ന് **40** മീറ്റർ നീളമുള്ള വൈദ്യുതി ലൈൻ എടുത്തിരിക്കുന്നതിൽ, **KM173** നമ്പർ ഇലക്ട്രിക്കൽ പോസ്റ്റിൽ നിന്നും നടവഴി തുടങ്ങുന്നതുവരെയുള്ള ദൂരം **5** മീറ്ററും(റോഡ്), നടവഴി തുടങ്ങുന്നത് മുതൽ വഴി അവസാനിക്കുന്ന, അനുമതി പത്രം നൽകിയ ശ്രീ. വിനോദ് ന്റെ വീടിനു മുൻവശം വരെ ഇന്റർലോക്ക് പാകിയ **20** മീറ്ററും മാത്രമാണ് ഉള്ളത് (ശ്രീമതി അനിത.ജെ യുടെ സ്വകാര്യ വഴി ആയി തെളിവോടെ അവകാശപെടുന്നതിൽ, ശ്രീ.വിനോദിനും കുടുംബത്തിനും

മാത്രം മറ്റു സഞ്ചാര സ്വാതന്ത്ര്യത്തിനു അനുമതി ഉള്ളൂ എന്നും, ശ്രീ വിനോദിന് ഈ വഴി വ്യക്തികൾക്ക് അവകാശം നൽകാനോ, അനുമതി നൽകാനോ, പതിച്ചു നൽകാനോ അവകാശമില്ല എന്നും വസ്തു ഉടമ ശ്രീമതി അനിത.ജെ അവകാശപ്പെടുന്നു). ബാക്കി വരുന്ന 15 മീറ്റർ വൈദുതി കമ്പി കടന്നു പോകുന്നത് വസ്തു ഉടമയായ ശ്രീമതി.അനിത.ജെ കരം തീർത്തു കൈവശം വച്ചനുഭവിച്ചു വരുന്ന വസ്തുവിലൂടെയാണെന്ന് ശ്രീമതി.അനിത.ജെ അവകാശപ്പെടുന്നത്. റീസർവ്വേ മാപ്പിൽ അത് വ്യക്തമാണ്. മുഖ്യ വഴിയിൽ നിന്നും ഇന്റർലോക്ക് പാകിയ നടവഴി അവസാനിക്കുന്നതുവരെ വെറും 20 മീറ്റർ മാത്രമാണുള്ളത്. തറയോട് പാകാത്ത കാടുപിടിച്ച ബാക്കി വരുന്ന 15 മീറ്റർ അവകാശവാദം ഉന്നയിക്കുന്ന ശ്രീമതി.രേണുകയുടെ വസ്തുവക പ്രമാണത്തിൽ കൃത്യമായി രേഖപ്പെടുത്തിയതായി ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നില്ല ആയതിനാൽ ശ്രീമതി.രേണുകയുടെ സമ്മതപത്രം അസാധു ആക്കണമെന്നും ബഹുമാനപെട്ട ഓംബുഡ്സ്മാനോട് അപേക്ഷിക്കുന്നു.

പരാതിക്കാരൻ ആയ രതീഷ് എന്ന ഞാൻ 19/08/2024 KSEB സേഫ്റ്റി ഡയറക്ടർക്കും കരമന സെക്ഷൻ, പൂജപ്പുര സബ് ഡിവിഷനിലും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 09/09/2024 ൽ KSEB കരമന സെക്ഷൻ ഓഫീസിലെ സബ് എഞ്ചിനീയർ ആയ ശ്രീ അജിത് എന്ന ഉദ്യോഗസ്ഥൻ എന്റെ ഫോണിൽ ബന്ധപ്പെടുകയും തുടർന്ന് സ്ഥലം സന്ദർശിച്ച് വീടിന്റെ ഭാഗങ്ങളും വൈദുതി കമ്പി കടന്നു പോകുന്നതും തമ്മിലുള്ള തിരശ്ചീന അകലങ്ങളും വെള്ള പേപ്പറിൽ രേഖപെടുത്തി. വീടിന്റെ ഒരു ഭാഗത്ത് നിന്നും 1.45 മീറ്ററും വീടിന്റെ മറ്റേ ഭാഗത്ത് ഉള്ള സൺഷേഡിൽ നിന്നും ഒരു വ്യക്തിക്ക് സ്വന്തം കൈകൾ കൊണ്ട് പിടിക്കാൻ പാകത്തിന് വെറും 60 സെന്റി മീറ്ററും ആണെന്ന് രേഖപ്പെടുത്തി സ്വന്തം കൈപ്പടയാൽ ഒപ്പിട്ടു ഒരു കടലാസ്സ് എനിക്കും തരുകയുണ്ടായി. അല്ലാതെ KSEB കരമന സെക്ഷൻ എ. ഇ. എന്നെ മുൻകൂട്ടി അറിയിക്കുകയോ സ്ഥലം സന്ദർശിക്കുകയോ ചെയ്തിട്ടില്ല. KSEB പൂജപ്പുര സബ് ഡിവിഷൻ എ. ഇ. 25/08/2024 ൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പൂജപ്പുരയിൽ ഹിയറിംഗ് നടത്തി എന്ന് അവകാശപ്പെടുന്നത് തികച്ചും വാസ്തവ വിരുദ്ധമാണ്. മേൽ പറഞ്ഞ ഹിയറിംഗ് നടന്നത് 13/09/2024 ൽ ആണ്. അതുപോലെ ഹിയറിങ്ങിനു ശേഷം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല, വാസ്തവവിരുദ്ധമായ കാര്യങ്ങൾ കെട്ടിച്ചമച്ചു. എന്റെ വീടിന്റെ മറ്റേ വശത്തെ സൺഷേഡിൽ നിന്നുമുള്ള ലൈൻ കമ്പിയുടെ അകലമായ, കരമന സബ് എഞ്ചിനീയർ ശ്രീ. അജിത് രേഖപ്പെടുത്തിയ 60 സെന്റി മീറ്റർ മറച്ചു വെച്ചുകൊണ്ട് ഒരു മറുപടി നൽകുകയുണ്ടായി. മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രകൃതി ക്ഷോഭത്തിലെ

മരക്കൊമ്പ് ഒടിഞ്ഞു വീണതും വിഷയത്തിലെ വൈദ്യുതി ലൈനുമായും യാതൊരു ബന്ധവുമില്ല. ഈ വിഷയവുമായി വിവാദമായ ഉദ്യോഗസ്ഥർ വാസ്തവ വിരുദ്ധമായി ഈ വിഷയം വഴിതിരിച്ചു വിടാൻ ശ്രമിക്കുകയും, ഹിയറിങ്ങിലും തുടർന്നുള്ള റിപ്പോർട്ടുകളിലും 60 സെന്റി മീറ്റർ എന്ന അകലം മറച്ചു വെച്ചുകൊണ്ട് എന്റെയും എന്റെ കുടുംബത്തിന്റെയും ജീവനും സ്വത്തിനേയും അപായപ്പെടുത്താൻ ശ്രമിക്കുകയാണ്. അതുപോലെ വൈദുതി കമ്പികളുടെ തിരശ്ചീനമായ അകലവും ലംബമായ അകലവും അളന്നു തിട്ടപ്പെടുത്തുന്നത് Measuring tape പോലുള്ള ഉപകരണങ്ങളോ ആധുനിക യുഗത്തിലെ സാങ്കേതിക വിദ്യകളോ ഉപയോഗിച്ചിട്ടാണ്, അല്ലാതെ വളഞ്ഞതും കോണിയതും ആയിട്ടുള്ള ഏണി ചാരി നിർത്തി അല്ല എന്നും ഈ കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചുകൊള്ളുന്നു. കൃത്യമായ അളവ്, അളവ് മീറ്ററിലൂടെയോ മറ്റു ഡിജിറ്റൽ മീറ്ററിലൂടെയോ ലഭിക്കുകയുള്ളു. വളഞ്ഞതും കോണിയതുമായ ഏണി ചാരി നിർത്തി ഉള്ള വിഡ്ഢിത്തങ്ങളും ഇത്തരം ഉദ്യോഗസ്ഥരുടെ ബാലിശമായ രീതികളും, KSEB ക്കും മറ്റു ബഹുമാന്യരായ ഉദ്യോഗസ്ഥർക്കും നാണക്കേട് ഉണ്ടാക്കുന്നതാണ്. എ. ഇ. ഇലക്ട്രിക്കൽ സബ് ഡിവിഷൻ പൂജപ്പുര 31/12/2024 ൽ പരാതിക്കാരൻ ആയ എന്റെ സാന്നിദ്ധ്യത്തിൽ കൃത്യമായ അളവ് അളന്നു തിട്ടപ്പെടുത്തീട്ടില്ല. പരാതിക്കാരൻ ആയ എന്നെ സാക്ഷ്യപെടുത്തിയിട്ടില്ല. സൈറ്റ് മഹസറിൽ പറയുന്നതെന്നു പറഞ്ഞിട്ടുള്ള കാര്യങ്ങൾ വാസ്തവവിരുദ്ധമാണ്. കൃത്യമായ വിവരം താഴെ പറയുന്നവ ആണ്.

1.വൈദുതി ലൈൻ കമ്പിയും ഭൂമിയുമായുള്ള ലംബമായി അകലം 3.5 മീറ്റർ ആണ്.

2. വീടിന്റെ സൺഷേഡിൽ നിന്നുള്ള അകലം കരമന സബ് എഞ്ചിനിയർ രേഖപ്പെടുത്തിയത് 60 സെന്റി മീറ്റർ ആണ്.

3. സൺഷേഡിൽ നിന്നുമുള്ള ലംബമായ അകലം 1.49 മീറ്റർ ആണ്.

മേല്പറഞ്ഞ അളവുകൾ ആണ് കൃത്യമായി രേഖപ്പെടുത്തിയത്. എന്റെ വീടിന്റെ സൺഷേഡിൽ നിന്നുകൊണ്ട് എനിക്കും എന്റെ കുടുംബ അംഗങ്ങൾക്കും നിഷ്പ്രയാസം സ്വന്തം കൈകൾ കൊണ്ട് പ്രസ്തുത വൈദുതി കമ്പിയിൽ പിടിക്കാൻ സാധിക്കും. ഈ അവസ്ഥയിൽ തുടരുന്നത് എനിക്കും എന്റെ കുടുംബത്തിന്റെയും ജീവനും സ്വത്തിനും അപായകരമാണ്. അതുപോലെ പട്ടു പോയ വൻ മരങ്ങളും വേര് പൊട്ടിയ തെങ്ങുകളും ഈ ലൈൻ കമ്പിക്കു എതിരായി എന്റെ വീടിന്റെ നേർ ദിശയിൽ നിൽക്കുന്നുണ്ട്. വെള്ളം കയറുന്ന ചതുപ്പു നിലമായതിനാൽ എപ്പോൾ വേണമെങ്കിലും മരങ്ങൾ കടപുഴുകി വീഴാൻ സാധ്യത കൂടുതൽ ആണ് അങ്ങനെ

സംഭവിച്ചാൽ മരങ്ങളും തെങ്ങുകളും ലൈൻ കമ്പിയിൽ വീണു എന്റെ വീടിൽ പതിച്ചു അപകടം ഉണ്ടാവാൻ സാധ്യത കൂടുതൽ ആണ്. മൂന്ന് കുഞ്ഞു കുട്ടികളും വയസായ അമ്മയും മാത്രമാണ് എല്ലായിപ്പോഴും വീട്ടിൽ ഉള്ളത്. കൺസ്യൂമർ 32469 ശ്രീ.മനോജ് എന്ന വ്യക്തിക്കു റോഡ് മുൻവശമുള്ള ലൈൻ കമ്പി കടന്ന് പോകുന്ന 22 സെന്റിൽ കൂടുതൽ പുരയിടം ഉണ്ട് എന്നിട്ടും, കൺസ്യൂമർ ആയ മനോജ് ഉം KSEB യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തമ്മിലുള്ള പരസ്പരധാരണ ഉള്ളതിനാലാണ് ഈ ലൈൻ അപായകരമായ രീതിയിൽ എടുത്തിരിക്കുന്നത്. KSEB ആവശ്യപ്പെട്ടാൽ കൺസ്യൂമർ ശ്രീ.മനോജ് ലൈൻ മാറ്റാൻ തയ്യാറാവുന്നതാണ് എന്ന് അറിയാൻ സാധിച്ചു. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തിയിലെ വീഴ്ച തെളിയിക്കപ്പെടും എന്നുള്ളതിനാൽ KSEB യിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ലൈൻ മാറ്റാൻ ആവശ്യപ്പെടുന്നില്ല. കൺസ്യൂമർക്ക് ഈ വഴിയുമായോ വസ്തുവുമായോ യാതൊരു ബന്ധവുമില്ല. "കൺസ്യൂമർക്ക് വൈദ്യുതി ലൈൻ എടുക്കാൻ വേറെ വഴി ഉണ്ടെന്നു ബന്ധപ്പെട്ട എ.ഇ.യ്ക്ക് ബോധ്യമായിട്ടുണ്ട്. പ്രസ്തുത വൈദുതി ലൈൻ ഉപഭോക്താവിന്റെ സ്വന്തം ചിലവിൽ മാറ്റി വലിക്കാൻ കരമന അസിസ്റ്റന്റ് എഞ്ചിനിയർക്കു നിർദ്ദേശം നൽകി എന്ന് പൂജപ്പുര സബ് ഡിവിഷൻ എ.ഇ. യുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാം. ഈ വൈദുതി ലൈൻ നിയമവിരുദ്ധമായി അപകടകരമായ രീതിയിൽ ആണ് എടുത്തിരിക്കുന്നത് എന്ന്" അതിന് മേൽ അപ്പീൽ നൽകി എന്നത് കൺസ്യൂമർ ഉം KSEB ഉദ്യോഗസ്ഥരും തമ്മിലുള്ള പരസ്പര ധാരണയുടെ ഭാഗമായാണ്. നിയമപരമായാണ് വൈദുതി ലൈൻ എടുത്തതെങ്കിൽ ലൈൻ ഉപഭോക്താവിന്റെ സ്വന്തം ചിലവിൽ മാറ്റാൻ നിർദേശം നൽകേണ്ട ആവശ്യകത ഇല്ലാ. അനുമതി കൂടാതെ സ്വകാര്യ വസ്തുവിലൂടെ അപായകരമായ രീതിയിൽ വീടിന്റെ ഭാഗത്ത് നിന്ന് വെറും 60 സെന്റി മീറ്റർ തിരശ്ചീന അകലത്തിൽ ലൈൻ വലിച്ചിരിക്കുന്നത് നിയമവിരുദ്ധമാണ്. KSEB യുടെ ഈ ലൈനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാസ്തവ വിരുദ്ധവുമായ റിപ്പോർട്ടിന്റെയും മറ്റും നാടക സമാനമായ രീതിയിലുമുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരുടെ മേലുള്ള വിശ്വാസം നഷ്ടപ്പെട്ടതിനാൽ ഇലക്ട്രിക്ക് ഇൻസ്പെക്ടറെ കൊണ്ട് പരിശോധിക്കുന്നതിൽ വിശ്വാസവും താല്പര്യവും ഇല്ലാ. സമക്ഷത്തിൽ സമർപ്പിച്ച രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും മുകളിൽ വിവരിച്ച KSEB പൂജപ്പുര സബ് ഡിവിഷൻ എ. ഇ. യുടെ ലൈൻ മാറ്റാൻ നിർദ്ദേശം നൽകി എന്ന പ്രസ്താവനയും മുൻനിർത്തി ഈ ലൈൻ മാറ്റി കൺസ്യൂമർ ആയ മനോജ് ന്റെ പുരയിടത്തിലൂടെ നൽകി എന്റെയും എന്റെ കുടുംബത്തിന്റെയും ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പ് ആക്കാൻ വേണ്ട ഉത്തരവ്

ബഹുമാനപെട്ട ഓാംബുഡ്സ്മാൻ നൽകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **21/02/2025**-ന് രാവിലെ **11:30**-ന് കെ.എസ്.ഇ.ബി, ഐ.ബി പരുത്തിപ്പാറയിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.രതീഷ്.എ.ൻ എതിർകക്ഷി ശ്രീ.പി.അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പൂജപ്പുര, തിരുവനന്തപുരം എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

നേമം വില്ലേജിൽ മേലാംകോട് വാർഡിൽപ്പെട്ട തോട്ടിൻകരയിൽ താമസക്കാരനായ ശ്രീ.രതീഷ് ആണ് അപ്പീൽ പരാതിക്കാരൻ. ഇദ്ദേഹത്തിന്റെ വീട് സ്ഥിതിചെയ്യുന്നത് കരമന ഇലക്ട്രിക് സെക്ഷന്റെ പരിധിയിലാണ്. ഇദ്ദേഹത്തിന്റെ വസ്തുവിന് പുറത്തു ഒരു മീറ്റർ വീഥിയിൽ തറയോട് നിരത്തിയിട്ടുള്ള ഒരു വഴിയുണ്ട്. ഈ വഴി ഒരു പൊതുവഴിയല്ലാത്തതും ശ്രീമതി.അനിത.ജെ എന്ന വ്യക്തിയുടെ പേരിലുള്ള പുരയിടത്തിലെ വഴിയാണെന്നും രണ്ടു കൂട്ടരും സമർത്ഥിക്കുന്നു. ശ്രീ.മനോജ് എന്ന വ്യക്തിയ്ക്ക് കണക്ഷൻ നൽകുന്നതിന് വേണ്ട പ്രസ്തുത വഴിയ്ക്ക് മുകളിലൂടെ പരാതിക്കാരന്റെ വീടിനോട് ചേർത്ത് ലൈൻ വലിച്ചു എന്നതാണ് പരാതിയ്ക്കാധാരം. വീട്ടിൽ നിന്നും നിയമാനുസ്രതം വിടേണ്ട അകലം പാലിച്ചല്ല ലൈൻ വലിച്ചത്, അതിനാൽ തന്നെ അപകട സാധ്യതയുണ്ട് എന്ന് പരാതിക്കാരൻ സ്ഥാപിക്കാൻ ശ്രമിക്കുന്നു. പരാതിക്കാരൻ ലൈസൻസിയുടെ വിവിധ ഉദ്യോഗസ്ഥർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ **AEE,ESD** പൂജപ്പുര ഹിയറിംഗ് നടത്തുകയും കരമന സെക്ഷൻ **AE** യോട് സ്ഥലം പരിശോധിച്ച് വീടുമായിട്ടുള്ള ദൂരപരിധി അളന്ന് തിട്ടപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് **AEE** യുടെ സാന്നിധ്യത്തിലും ദൂരപരിധി പരിശോധിക്കുകയുണ്ടായി. വീട്ടിൽ നിന്നുള്ള തിരശ്ചീന അകലവും ലൈനിന് ഭൂമിയിൽനിന്നുള്ള അകലവും നിയമാനുസൃതമാണെന്ന് ലൈസൻസിയുടെ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. അതിനാൽത്തന്നെ സുരക്ഷയെ ബാധിക്കുന്നില്ല എന്ന് കാണാം.

ഒരു മീറ്റർ വീതിയുള്ള തറയോട് പാകിയിട്ടുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുകൂടി ഉടമയുടെ അനുവാദമില്ലാതെയാണ് ലൈൻ വലിച്ചിരിക്കുന്നത് എന്നതാണ് വസ്തുത. ഉപഭോക്താവായ ശ്രീ.മനോജിന് ഈ വഴിയിൽ അവകാശം യാതൊന്നും തന്നെയില്ല എന്നും കൂടാതെ ആ ലൈൻ വലിക്കാൻ അനുമതി നൽകിയിരിക്കുന്ന ശ്രീ.വിനോദ്, ശ്രീമതി.രേണുക എന്നിവർക്കും ഈ വഴിയിൽ യാതൊരവകാശവും ഇല്ല എന്നും കാണുന്നു. പ്രസ്തുത വഴിയുടെ പട്ടയം ഇപ്പോഴും ശ്രീമതി. അനിത ജെ എന്ന വ്യക്തിയുടെ പേരിലാണ്.അതിനാൽ തന്നെ ലൈസൻസിയുടെ ഉദ്യോഗസ്ഥർ യഥാർത്ഥ വസ്തുതകൾ പരിശോധിക്കാതെ സ്വകാര്യ വസ്തുവിൽകൂടി അനുവാദമില്ലാതെയാണ് ലൈൻ വിളിച്ചിരിക്കുന്നത് എന്ന് കാണുന്നു. ശ്രീ.മനോജിന് ലൈൻ വലിക്കാൻ മറ്റു മാർഗ്ഗങ്ങൾ ഉണ്ടെന്നിരിക്കെ സ്വകാര്യ വസ്തുവിൽ അനുവാദമില്ലാതെ ലൈൻ വലിച്ചിരിക്കുന്നത് നിയമപരമല്ല. ശ്രീമതി.അനിത നൽകിയിട്ടുള്ള പരാതിയിൽ 11/12/2024 ൽ AEE ഇറക്കിയിട്ടുള്ള ഉത്തരവ് പ്രകാരം ഉപഭോക്താവായ മനോജിന്റെ ചെലവിൽ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണ് എന്ന് കാണുന്നു. ആ ഉത്തരവിനെതിരെയുള്ള അപ്പീൽ Dy.CE യുടെ പരിഗണയിലാണെന്ന് കാണുന്നു എന്ന് എതിർകക്ഷി വിശദീകരിച്ചു. Dy.CE ഇതിനുള്ള ഉത്തരവ് എത്രയും വേഗം ഇറക്കേണ്ടതാണ്. പരാതിക്കാരന്റെ വീട്ടിൽ വളരെ അടുത്തുകൂടി ലൈൻ കടന്നുപോകുന്നതിനാൽ സുരക്ഷാ ഭീഷണി നിലനില്ക്കുന്നു എന്നതാണ് പരാതിക്കാരന്റെ വാദം. ഇതും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഈ ലൈൻ മാറ്റി സ്ഥാപിക്കാതെ നിലനിർത്തുകയാണെങ്കിൽ അത് ABC യാക്കി മാറ്റി പരാതിക്കാരൻ അനുഭവപ്പെടുന്ന സുരക്ഷാഭീഷണി മാറ്റേണ്ടതാണ്.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ഈ ലൈനിനെക്കുറിച്ച് നൽകിയിട്ടുള്ള അപ്പീൽ പരാതിയിൽ Dy.CE എത്രയും പെട്ടെന്ന് തീരുമാനം എടുക്കേണ്ടതാണ്. ഒരു മാസത്തിനകം തീരുമാനമെടുത്തില്ലായെങ്കിൽ AEE യുടെ തീരുമാന പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണ്.

2. ഈ ലൈൻ മാറ്റാതെ അവിടെത്തന്നെ നിലനിർത്തുകയാണെങ്കിൽ ലൈസൻസിയുടെ ചെലവിൽ ABC യാക്കി മാറ്റേണ്ടതാണ്.
3. മറ്റു ചെലവുകൾ യാതൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/05/2025/ തീയതി : 26/03/2025.

**അയക്കുന്നത്:**

1. ശ്രീ. രതീഷ്, ടി.സി.56/1509-3 രോഹിണി, തോട്ടിൻകര, മധുപാലം, കരുമം പി.ഒ, തിരുവനന്തപുരം - 695002.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പൂജപ്പുര, തിരുവനന്തപുരം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, ഉപഭോക്തൃ പരാതി പരിഹാര ഫോറം, രണ്ടാം നില, വൈദ്യുതി ഭവനം, കെഎസ്ഇ ബോർഡ്, കൊട്ടാരക്കര, പിൻ 691506.